ശൈഖ് മുഹമ്മദ് കാരകുന്ന്

# ബഹുദൈവാരാധന, സാമൂഹിക തിന്മ, ജനകീയ പോരാട്ടം

**ഇസ്‌ലാമിൽ** വിശ്വാസമാണ് ജീവിതവ്യവസ്ഥയുടെ അടിത്തറ. വിശ്വാസകാര്യങ്ങളിൽ ഏറെ പ്രധാനം ഏക ദൈവവിശ്വാസമാണ്. അതാണ് ഇസ്‌ലാമിന്റെ കേന്ദ്രബിന്ദു. ഏകദൈവവിശ്വാസം പ്രബോധനം ചെയ്യാത്ത ഒരൊറ്റ പ്രവാചകനും ഉണ്ടായിട്ടില്ല. ബഹുദൈവവിശ്വാസത്തെ നിഷേധിക്കാതെ ഇതു സാധ്യവുമല്ല. അതിനാലാണ് പ്രവാചകന്മാരുടെ പ്രബോധനത്തെ ഖുർആൻ ഇങ്ങനെ സംഗ്രഹിച്ചത്: "ഉറപ്പായും എല്ലാ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. അവരൊക്കെ പറഞ്ഞതിതാണ്: നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക. വ്യാജദൈവങ്ങളെ വർജിക്കുക" (16:36).

എന്നാൽ വിശ്വാസകാര്യത്തിൽ ഇസ്‌ലാം പൂർണ സ്വാതന്ത്ര്യം നൽകുന്നു. ഒരാൾക്ക് ദൈവത്തിൽ വിശ്വസിക്കാം, വിശ്വസിക്കാതിരിക്കാം. യഥാർഥ ദൈവത്തിൽ വ്യാജദൈവങ്ങളെ പങ്കുചേർത്ത് ബഹുദൈവവിശ്വാസിയാകാം. ഇതിനെല്ലാമുള്ള പൂർണ സ്വാതന്ത്ര്യം ഇസ്‌ലാം അനുവദിക്കുന്നു. ആ സ്വാതന്ത്ര്യം ഹനിക്കപ്പെടാൻ പാടില്ല (ഖുർആൻ 2:256, 18:29, 16:35, 42:48, 5:92, 10:99, 88:21,22).

ഏകദൈവവിശ്വാസത്തിന്റെ അവിഭാജ്യഘടകമെന്ന നിലയിൽ പ്രവാചകന്മാരെല്ലാം ഏകദൈവാരാധന ഊന്നിപ്പറഞ്ഞിട്ടുണ്ട്. ബഹുദൈവാരാധന നിലനിൽക്കുന്ന സമൂഹങ്ങളിൽ നിയോഗിതരായ പ്രവാചകന്മാർ അതവസാനിപ്പിച്ച് ഏകദൈവാരാധകരാകാൻ അവരെ ഉദ്ബോധിപ്പിച്ചു. ഇക്കാര്യത്തിലും സമ്പൂർണ സ്വാതന്ത്ര്യമാണ് അനുവദിച്ചത്. ആർക്കും ഏകദൈവാരാധകനോ ബഹുദൈവാരാധകനോ ഒരു ദൈവത്തെയും ആരാധിക്കാത്തവനോ ആകാം.

വിവിധതരം ആരാധനകൾ നിർവഹിക്കപ്പെടുന്ന കേന്ദ്രങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തണമെന്നും അല്ലാഹു ഊന്നിപ്പറയുന്നുണ്ട്: "അല്ലാഹു ചിലരെ മറ്റു ചിലരാൽ പ്രതിരോധിക്കുന്നില്ലായെങ്കിൽ ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന സന്യാസി മഠങ്ങളും ചർച്ചുകളും സെനഗോഗുകളും മുസ്‌ലിം പള്ളികളും തകർക്കപ്പെടുമായിരുന്നു" (ഖുർആൻ 22:40).

ഇവ്വിധം വിശ്വാസം, ആരാധന, ആചാരം, അനുഷ്ഠാനം പോലുള്ള കാര്യങ്ങളിൽ വ്യക്തികൾക്കും സംഘങ്ങൾക്കും സമ്പൂർണ സ്വാതന്ത്ര്യം നൽകി. ഒരു കാരണവശാലും അത് നിഷേധിക്കപ്പെടരുതെന്ന് നിഷ്കർഷിച്ചു. ഇവയിലൊക്കെയും ഏകശിലാ സമീപനം സ്വീകരിക്കുന്നവർ ദൈവനിശ്ചയത്തിനൊത്തല്ല നീങ്ങുന്നതെന്നും ബഹുസ്വരതയാണ് ദൈവേഛയുടെ പ്രതിഫലനമെന്നും ഇസ്‌ലാം വിളംബരം ചെയ്യുന്നു: "ദൈവം ഇഛിച്ചിരുന്നുവെങ്കിൽ നിങ്ങളെ ഒന്നാകെ ഒരൊറ്റ സമുദായമാക്കുമായിരുന്നു" (ഖുർആൻ 5:48, 11:118, 16:93, 42:8). "നിന്റെ നാഥൻ ഇഛിച്ചിരുന്നുവെങ്കിൽ ഭൂമിയിലുള്ളവരൊക്കെയും സത്യവിശ്വാസം സ്വീകരിക്കുമായിരുന്നു. എന്നിരിക്കെ ജനങ്ങൾ വിശ്വാസികളാകാൻ നീ അവരെ നിർബന്ധിക്കുകയോ?" (10:89).

ഏകദൈവവിശ്വാസവും ഏകദൈവാരാധനയും പ്രബോധനം ചെയ്ത ഒരൊറ്റ പ്രവാചകനും അതംഗീകരിക്കാൻ ആരെയും നിർബന്ധിച്ചിരുന്നില്ല. അതിനവർക്ക് അനുവാദവുമുണ്ടായിരുന്നില്ല. ഇന്നും ഇസ്‌ലാമിക സമൂഹത്തിനോ രാഷ്ട്രത്തിനോ അതിനനുവാദമില്ല. അതുകൊണ്ടുതന്നെ യഥാർഥ ഇസ്‌ലാമിക ഭരണം നിലനിൽക്കുന്നിടത്ത് ദൈവനിഷേധത്തിന്റെയോ ബഹുദൈവവിശ്വാസത്തിന്റെയോ ബഹുദൈവാരാധനയുടെയോ പേരിൽ ആരെയും സർക്കാർ ശിക്ഷിക്കുകയില്ല.

### ദൈവശിക്ഷ

ഭൂമിയിൽ മനുഷ്യന് ഇഷ്ടമുള്ള വിശ്വാസവും ആരാധനയും സ്വീകരിക്കാൻ സമ്പൂർണ സ്വാതന്ത്ര്യം നൽകിയിരിക്കെ, ആരെങ്കിലും ദൈവനിഷേധിയോ ബഹുദൈവവിശ്വാസിയോ ആയതിന്റെ പേരിൽ അല്ലാഹു ഇവിടെ വെച്ച് ശിക്ഷിക്കുമോ? ഒരിക്കലുമില്ല. ഇക്കാര്യം ഖുർആൻ അസന്ദിഗ്ധമായി വ്യക്തമാക്കിയിട്ടുണ്ട്. നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്, ശുഐബ് (അ) പോലുള്ള പ്രവാചകന്മാരുടെ ജനത ഭൂമിയിൽ വെച്ച് ദൈവത്തിന്റെ ശാപകോപങ്ങൾക്കിരയായി സമൂലം നശിപ്പിക്കപ്പെട്ടത് അവർ ബഹുദൈവവിശ്വാസികളോ ബഹുദൈവാരാധകരോ ആയതിന്റെ പേരിലല്ല. മറിച്ച് സാമൂഹികതിന്മകളുടെയും സാമ്പത്തിക കുറ്റങ്ങളുടെയും സാംസ്കാരിക ജീർണതകളുടെയും പേരിലാണ്. അഥവാ, ഇസ്‌ലാമിക ഭരണകൂടം ശിക്ഷാ നടപടി സ്വീകരിക്കാൻ ബാധ്യസ്ഥമായ കുറ്റകൃത്യങ്ങൾ കാരണമായാണ്. അല്ലാഹു പറയുന്നു: "നാട്ടുകാർ നന്മ ചെയ്യുന്നവരായിരിക്കെ അല്ലാഹു ശിർക്ക് (ബഹുദൈവത്വം) കാരണം ആ നാടുകളെ നശിപ്പിക്കുകയില്ല" (ഖുർആൻ 11:117).

ഇതിന്റെ വ്യാഖ്യാനത്തിൽ ഇമാം ഫഖ്റുദ്ദീൻ റാസി എഴുതുന്നു: "പരസ്പരമുള്ള ഇടപാടുകളുടെ കാര്യത്തിൽ നന്മ പുലർത്തുന്നവരാണെങ്കിൽ മുശ്രിക്കുകളാണെ(ബഹുദൈവത്വവാദികൾ)ന്ന കാരണത്താൽ ഒരു പ്രദേശത്തുകാരെയും അല്ലാഹു ശിക്ഷിക്കുകയില്ല. ഒരു ജനത സത്യനിഷേധത്തിന്റെയും ബഹുദൈവത്വത്തിന്റെയും ആളുകളായതിന്റെ പേരിൽ അല്ലാഹു അവരെ സമൂലം നശിപ്പിക്കുകയില്ല. മറിച്ച്, അവർ ഇടപാടുകളിൽ കൊള്ളരുതാത്തവരും അക്രമത്തിലും ദ്രോഹത്തിലും ഏർപ്പെട്ടവരുമാണെങ്കിലാണ് അവർ ശിക്ഷക്ക് അർഹരാവുക. അതിനാലാണ് കർമശാസ്ത്ര പണ്ഡിതന്മാർ പറഞ്ഞത്; അല്ലാഹുവിന്റെ അവകാശങ്ങൾക്ക് വിശാലതയും ഉദാരതയുമുണ്ട്. അടിമകളുടെ അവകാശത്തിലാണ് ഇടുക്കവും ലുബ്ധുമുള്ളത്. കാഫിറായ ഭരണാധികാരിക്ക് നിലനിൽക്കാൻ കഴിയും; എന്നാൽ അക്രമിയായ ഭരണാധികാരി നിലനിൽക്കില്ലെന്നു പറയപ്പെടുന്നതും അതിനാലാണ്. ഇതാണ് അഹ്‌ലുസ്സുന്നത്തിന്റെ വ്യാഖ്യാനം. ഇതിനുള്ള തെളിവ് നൂഹ്, ഹൂദ്, സ്വാലിഹ്, ലൂത്, ശുഐബ് (അ) എന്നിവരുടെ ജനതയുടെ അനുഭവമാണ്. അല്ലാഹുതന്നെ വിശദീകരിച്ചപോലെ അവർക്കെല്ലാം ശിക്ഷ വന്നുഭവിച്ചത് സൃഷ്ടികളോടുള്ള അതിക്രമത്തിന്റെയും ജനങ്ങളോടുള്ള അനീതിയുടെയും പേരിലാണ്."

*ഖുർതുബി*യിലിങ്ങനെ കാണാം: "ശിർക്ക് (ബഹുദൈവത്വം), കുഫ്ർ (സത്യനിഷേധം) എന്നിവ കാരണം ഒരു ജനതയെ അല്ലാഹു ശിക്ഷിക്കുകയില്ല; അവർ പരസ്പരമുള്ള അവകാശ-ബാധ്യതകൾ പൂർത്തീകരിക്കുന്നവരെങ്കിൽ. ശുഐബിന്റെ ജനതയെ അളത്തത്തിലും തൂക്കത്തിലും കൃത്രിമം കാണിച്ചതിനും ലൂത് നബിയുടെ ജനതയെ സ്വവർഗരതിയുടെ പേരിലും ശിക്ഷിച്ചപോലെ നാശ

മുണ്ടാക്കുന്നവരെയാണ് അല്ലാഹു നശിപ്പിക്കുക. ഭൂമിയിലെ സമൂല നാശത്തിനു കാരണം ശിർക്കിനേക്കാൾ കുറ്റകൃത്യങ്ങളാണെന്ന് ഇത് തെളിയിക്കുന്നു. പരലോകത്ത് ശിർക്കിന്റെ ശിക്ഷ കൂടുതൽ കഠിനതരമാണെങ്കിലും."

ഖുർത്വുബി തുടർന്ന് തിർമിദി നിവേദനം ചെയ്ത ഒരു ഹദീസ് ഉദ്ധരിക്കുന്നു: "അബൂബക്ർ സിദ്ദീഖ്(റ) പറയുന്നു: നബി(സ) പറയുന്നത് ഞാൻ കേട്ടു: ജനങ്ങൾ അക്രമിയെ കാണുന്നു. എന്നിട്ട് അയാളുടെ കൈക്ക് പിടിക്കുന്നില്ല. എങ്കിൽ അല്ലാഹു അവരെയൊന്നടങ്കം തന്റെ ശിക്ഷയാൽ പിടികൂടിയേക്കാം."

*ഫത്ഹുൽ ഖദീർ* നൽകുന്ന വ്യാഖ്യാനവും ഇതുതന്നെ. കേവലം ശിർക്ക്കൊണ്ട് ഒരു ജനതയെയും ശിക്ഷിക്കുകയില്ലെന്നും ഭൂമിയിൽ കുഴപ്പം കൂടി ഉണ്ടാകുമ്പോഴാണ് അത് സംഭവിക്കുകയെന്നും വ്യക്തമാക്കിയ ശേഷം ശുഐബ് നബി(അ)യുടെ ജനതയെ അളത്തത്തിലും തൂക്കത്തിലും കുറവ് വരുത്തുകയും ജനങ്ങളെ വഞ്ചിക്കുകയും ചെയ്തതിന്റെ പേരിലും ലൂത് വ് നബിയുടെ ജനതയെ അവരുടെ വഷളത്തത്തിന്റെയും വൃത്തികേടിന്റെയും പേരിലും ശിക്ഷിച്ച സംഭവം തെളിവായി ചേർക്കുന്നു.

ത്വബരിയുടെ വ്യാഖ്യാനവും ഇതുതന്നെയാണെന്ന് രേഖപ്പെടുത്തിയ ശേഷം ആലൂസി ഇബ്നുജരീറിൽനിന്ന് ത്വബറാനി, ഇബ്നു മർദവൈഹി, അബുശ്ശൈഖ്, ദയ്ലമി എന്നിവർ നിവേദനം ചെയ്ത ഹദീസ് ഉദ്ധരിക്കുന്നു: "നബി(സ)യോട് ഈ സൂക്തത്തിന്റെ വ്യാഖ്യാനത്തെ സംബന്ധിച്ച് ചോദിച്ചു. അവിടുന്ന് അരുൾ ചെയ്തു: അവർ പരസ്പരം നീതി പുലർത്തുന്നവരായിരിക്കെ."

അനീതിയാണ് ദൈവശിക്ഷയിലൂടെ സമൂഹങ്ങളുടെ സമൂലനാശത്തിന് നിമിത്തമാവുകയെന്ന് ഈ ഹദീസ് വ്യക്തമാക്കുന്നു.

തഫ്സീറുൽ മുനീർ, ശഅ്റാവി , ബഗ്വി പോലുള്ള ഖുർആൻ വ്യാഖ്യാനകൃതികളിലും ഇതേ വിശദീകരണം കാണാം. മുഹമ്മദ് അമാനി മൗലവി ഇതിന്റെ വ്യാഖ്യാനത്തിൽ എഴുതുന്നു: "രാജ്യക്കാർ പൊതുവെ നന്മയും നെറിയും പാലിക്കുന്നവരായിരിക്കുമ്പോൾ അവരിൽനിന്ന് വല്ല അക്രമവും-ശിർക്കോ മറ്റോ- ഉണ്ടായാൽതന്നെയും അല്ലാഹു രാജ്യക്കാരെ ഒന്നാകെ ശിക്ഷിക്കുകയില്ല. രാജ്യക്കാർ കുഴപ്പത്തിലും അക്രമത്തിലും അതിരുകവിയുമ്പോഴല്ലാതെ ശിക്ഷിക്കുന്നത് അല്ലാഹുവിന്റെ നടപടിചട്ടങ്ങളിൽ പെട്ടതുമല്ല."

അധർമ (ഫിസ്ഖ്)മാണ് നാടിന്റെ നാശത്തിന് നിമിത്തമാവുകയെന്ന് ഖുർആൻ മറ്റൊരിടത്തും വ്യക്തമാക്കുന്നു: "ഒരു നാടിനെ നശിപ്പിക്കണമെന്ന് നാമുദ്ദേശിച്ചാൽ അവിടത്തെ സുഖലോലുപരോട് നാം കൽപിക്കും. അങ്ങനെ അവരവിടെ അധർമം (ഫിസ്ഖ്) പ്രവർത്തിക്കും. അതോടെ അവിടം ശിക്ഷാർഹമായിത്തീരും. അങ്ങനെ നാമതിനെ തകർത്തു തരിപ്പണമാക്കുന്നു" (17:16).

ഇതിന്റെ വിശദീകരണമായി മുഹമ്മദ് അമാനി മൗലവി എഴുതുന്നു: "റസൂലുകൾ മുഖാന്തരം അല്ലാഹു നൽകിയിട്ടുള്ള കൽപനകളെ വകവെക്കാതെ ധിക്കരിച്ചുകൊണ്ട് രാജ്യത്തുള്ള നേതാക്കൾ, മൂപ്പന്മാർ തുടങ്ങിയ സുഖലോലുപന്മാർ തോന്നിയവാസത്തിലും ദുർമാർഗത്തിലും മുഴുകിക്കൊണ്ടിരിക്കും. അങ്ങനെ അവരുടെ നേതൃത്വത്തിൽ നാട്ടിൽ ധാർമികമായ അരാജകത്വം നടമാടുകയും അപ്പോൾ രാജ്യം ഉന്മൂലനാശത്തിനു അവകാശപ്പെട്ടതായിത്തീരുകയും ചെയ്യുന്നു. അപ്പോഴാണ് അല്ലാഹു അവിടെ ഉന്മൂലനാശം വരുത്തുന്നത്. അതല്ലാതെ നാട്ടുകാർ പൊതുവെ നിരപരാധികളായിരിക്കുമ്പോൾ ഒരു രാജ്യവും അല്ലാഹു നശിപ്പിക്കാറില്ല. അങ്ങനെ അവന് ഉദ്ദേശ്യവുമില്ല എന്നു സാരം. എവിടെ നോക്കിയാലും തോന്നിയവാസത്തിലും സദാചാരലംഘനത്തിലും മുമ്പന്മാരായിരിക്കുക അവിടത്തെ സുഖലോലുപന്മാരായിരിക്കുമല്ലോ. പൊതുജനങ്ങളും സാധാരണക്കാരും ക്രമേണ അവരുടെ അഭീഷ്ടങ്ങൾക്ക് വഴങ്ങി അവരിൽ ലയിക്കുകയാണ് പതിവ്. അതുകൊണ്ടാണ് സുഖിയന്മാരുടെ തോന്നിയവാസത്തെപ്പറ്റി എടുത്തുപറഞ്ഞത്."

## പോരാട്ടത്തിന്റെ പ്രസക്തി

അക്രമത്തിനും അനീതിക്കും അധർമത്തിനും അറുതിവരുത്തുകയാണ് പൂർവിക ജനസമൂഹങ്ങളെ സമൂലം നശിപ്പിച്ചതിലൂടെ സംഭവിച്ചതെന്ന് ഖുർആൻ സൂക്തങ്ങളും അവയുടെ ആധികാരിക വ്യാഖ്യാനങ്ങളും അസന്ദിഗ്ധമായി വ്യക്തമാക്കുന്നു. യഥാർഥ ഇസ്‌ലാമിക ഭരണകൂടങ്ങൾ അത്തരം തിന്മകൾ തുടച്ചുനീക്കാൻ ബാധ്യസ്ഥവുമാണ്.

ചുരുക്കത്തിൽ ഇസ്‌ലാമിക രാഷ്ട്രത്തിൽ ബഹുദൈവാരാധനയും നിരീശ്വരത്വവുമൊക്കെ നിലനിന്നേക്കാം. അധികാരവും ഭരണശക്തിയും ഉപയോഗിച്ച് അവയൊന്നും തുടച്ചുനീക്കുകയില്ല. പ്രചാരണ-പ്രബോധന പ്രവർത്തനങ്ങളിലൂടെ ജനങ്ങളെ ബോധവത്കരിക്കാനേ ഇസ്‌ലാമികസമൂഹവും രാഷ്ട്രവും ഭരണകൂടവും ശ്രമിക്കുകയുള്ളൂ. അതിനേ ഇസ്‌ലാം അനുവദിക്കുന്നുമുള്ളൂ. എന്നാൽ നാട്ടിലും സമൂഹത്തിലും നിലനിൽക്കുന്ന അക്രമവും അനീതിയും അശ്ലീലതയും അധർമവും തട്ടിപ്പും വെട്ടിപ്പും ചതിയും ചൂഷണവും വ്യഭിചാരവും സ്വവർഗരതിയും ഉൾപ്പെടെയുള്ള എല്ലാ സാമൂഹിക തിന്മകളും സാമ്പത്തിക കുറ്റങ്ങളും സാംസ്കാരിക ജീർണതകളും ഇല്ലാതാക്കാൻ ഇസ്‌ലാമിക ഭരണകൂടം അധികാരവും ശക്തിയും പ്രയോഗിക്കും, പ്രയോഗിക്കാനത് ബാധ്യസ്ഥവുമാണ്. അവയെ ക്രിമിനൽ കുറ്റങ്ങളായി കണക്കാക്കി ശിക്ഷാനടപടികൾ ഏർപ്പെടുത്താനും ഇസ്‌ലാമിക രാഷ്ട്രങ്ങൾ കടപ്പെട്ടിരിക്കുന്നു.

ഒരു ജനാധിപത്യ സംവിധാനത്തിൽ ഏതു ജനവിഭാഗത്തിനും തങ്ങളുടെ ആവശ്യങ്ങൾ ഉയർത്തിക്കാട്ടാനും ജനാധിപത്യമാർഗത്തിലൂടെ അവക്കായി പ്രക്ഷോഭങ്ങൾ സംഘടിപ്പിക്കാനും അവകാശമുണ്ട്. ജനസമൂഹങ്ങൾ നശിപ്പിക്കപ്പെടാൻ കാരണമായി ഖുർആൻ ഉയർത്തിക്കാണിച്ച സാമൂഹിക തിന്മകൾക്കും സാമ്പത്തിക കുറ്റങ്ങൾക്കും സാംസ്കാരിക ജീർണതകൾക്കുമെതിരെ അനുവദിക്കപ്പെട്ട സമരരീതികളിൽനിന്ന് വിട്ടുനിൽക്കാൻ ഇസ്‌ലാമികമായി ആർക്കും ഒരു ന്യായവുമില്ല.

വിശ്വാസം, ആരാധന, ആചാരം, അനുഷ്ഠാനം പോലുള്ളവ സമ്മർദത്തിലൂടെ മാറ്റാൻ പാടില്ല, അത് സാധ്യവുമല്ല. അതുകൊണ്ടുതന്നെ ബഹുദൈവവിശ്വാസത്തിനും ബഹുദൈവാരാധനക്കുമെതിരെ ബോധവത്കരണമല്ലാതെ സമ്മർദം ചെലുത്തുന്ന സമരരീതികൾ പ്രയോഗിക്കാവതല്ല. എന്നാൽ, ഇസ്‌ലാമിക രാഷ്ട്രവും ഭരണകൂടവുമുണ്ടെങ്കിൽ നിയമവും അധികാരവും ശക്തിയും പ്രയോഗിച്ച് ഇല്ലാതാക്കുന്ന സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, ധാർമിക തിന്മകൾ അവസാനിപ്പിക്കാൻ ഭരണമില്ലാത്ത സാഹചര്യങ്ങളിൽ ജനാധിപത്യവ്യവസ്ഥ അനുവദിക്കുന്ന സമ്മർദശക്തി ഉപയോഗിക്കാനും അതിനായി ജനകീയ സമരത്തിന്റെയും പോരാട്ടത്തിന്റെയും പാത സ്വീകരിക്കാനും ഇസ്‌ലാമികസമൂഹം ബാധ്യസ്ഥമാണ്. ഈ ഉത്തരവാദിത്വം നിർവഹിക്കുമ്പോൾ, ബഹുദൈവാരാധനക്കെതിരെ സമരം നടത്താതെ ഇത്തരം പ്രശ്നങ്ങൾക്ക് പ്രക്ഷോഭം സംഘടിപ്പിക്കുന്നതിനെ ചോദ്യം ചെയ്യുകയും പരിഹസിക്കുകയും ചെയ്യുന്നവർ സഹതാപമേ അർഹിക്കുന്നുള്ളൂ. വിശ്വാസാചാരങ്ങൾ മാറ്റിയെടുക്കാൻ ബോധവത്കരണത്തിലൂടെയും സാമൂഹിക തിന്മകൾ ഇല്ലാതാക്കാൻ ബഹുജനസമരങ്ങളിലൂടെയും ശ്രമിക്കുകയാണ് വേണ്ടത്. അത്തരം തിന്മകൾ അവസാനിക്കേണ്ടത് സമൂഹങ്ങളുടെയും രാഷ്ട്രങ്ങളുടെയും നിലനിൽപിന് അനിവാര്യമാണെന്നാണ് ഖുർആൻ പരാമർശിക്കുന്ന പൂർവിക സമൂഹങ്ങളുടെ നാശത്തിന്റെ കഥകൾ നൽകുന്ന പാഠം. ■